മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# ഹരിതദീപാവലി ബോധവത്കരണം

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ ഇ.എൻ.വി.ഐ.എസ്. കേന്ദ്രം ഹരിതദീപാവലി ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ഐ.എ.ഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു.

അന്തരീക്ഷമലിനീകരണം കുറയ്ക്കുന്നതിൽ വൃക്ഷങ്ങൾക്കുള്ള പ്രാധാന്യം അദ്ദേഹം വിശദീകരിച്ചു.

പരിസരമലിനീകരണ ബോധവത്കരണം കുട്ടികളിൽ നേരത്തേ തുടങ്ങേണ്ടതാണ്. ദീപങ്ങളുടെ ഉത്സവമായ ദീപാവലി പ്രകൃതിയോടിണങ്ങിയാവണമെന്ന് ഡയറക്ടർ പറഞ്ഞു.



▶ കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിൽ ഹരിതദീപാവലി ബോധവത്കരണത്തിന്റെ പോസ്റ്ററുകൾ പുറത്തിറക്കിയപ്പോൾ

വനജനിതക ശാസ്ത്രജ്ഞൻ ഡോ. കണ്ണൻവാര്യർ പ്രസംഗിച്ചു. ഹരിതദീപാവലി സന്ദേശമടങ്ങിയ പോസ്റ്ററുകൾ പ്രകാശനംചെയ്തു.